ഇതിനായി 26 ബോട്ടുകളും മൂന്ന് പെഡൽ ബോട്ടുകളുമുണ്ട്. കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി ഒരു പരിശീലകനെയും നിയോഗിച്ചിട്ടുണ്ട്.

ആലുവ സെന്റ് സേവിയേഴ്സ് വനിതാ കോളേജിലേക്ക് ബാസ്ക്കറ്റ്ബോൾ താരങ്ങളെ അലോട്ട് ചെയ്യുന്നത് സംബന്ധിച്ച്

227 (5117) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ സെന്റ് സേവിയേഴ്സ് വനിതാ കോളേജ് വനിതാ ബാസ്ക്കറ്റ്ബോൾ പരിശീലനത്തിന് സൗകര്യമുള്ള കോളേജാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ ബാസ്ക്കറ്റ്ബോൾ താരങ്ങളെ തെരഞ്ഞെടുത്ത് വ്യത്യസ്ത കോളേജിലേക്ക് അയയ്ക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ആലുവ സെന്റ് സേവിയേഴ്സ് വനിതാ കോളേജിലെ സൗകര്യങ്ങൾ കണക്കിലെടുത്ത് ബാസ്കറ്റ്ബോൾ കളിക്കുന്ന കൂടുതൽ കുട്ടികളെ ഈ കോളേജിലേക്ക് അലോട്ട് ചെയ്യുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികളുടെ ഉയരം (15 മാർക്ക്), സ്കിൽ ടെസ്റ്റ് (20 മാർക്ക്), ഗെയിം എബിലിറ്റി ടെസ്റ്റ് (10 മാർക്ക്), ക്രെഡൻഷ്യൻസ് (25 മാർക്ക്), കുട്ടികളുടെ കായിക ക്ഷമത പരിശോധിക്കുന്നതിനുള്ള 4 ടെസ്റ്റുകൾ (20 മാർക്ക്), ഇന്റർവ്യൂ (10 മാർക്ക്) എന്നിവ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയാണ് ബാസ്ക്കറ്റ്ബോൾ താരങ്ങളെ തെരഞ്ഞെടുത്ത് വ്യത്യസ്ത കോളേജുകളിലേയ്ക്ക് അയയ്ക്കുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കായികതാരങ്ങളുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി

228 (5118) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31-3-2010-വരെ എത്ര കായിക താരങ്ങൾക്ക് പുതിയതായി പെൻഷൻ അനുവദിച്ചിട്ടുണ്ട് ; ഇനി എത്ര പേരുടെ അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കേണ്ടതായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly